# അദ്ധ്യായം -9

നാല് കാഹളങ്ങൾ, ദൂതൻമാർ ഊതിയപ്പോൾ ഭൂമി, സമുദ്രം, നദി, സൂര്യചന്ദ്ര നക്ഷത്രാദികൾ ഇവയിൽ ഉണ്ടായ പ്രതിഭാസങ്ങളാണ് എട്ടാം അദ്ധ്യായത്തിൽ നാം കണ്ടത്. തുടർന്ന് സംഭവിപ്പാൻ പോകുന്ന രണ്ട് കഷ്ടങ്ങളാണ്

ഈ അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.ഈ രണ്ട് കഷ്ടങ്ങളും അദൃശ്യലോകത്തിലെ ജീവികളിൽനിന്ന് മനുഷ്യനുണ്ടാകുന്നവയാണ്.

## അഞ്ചാം കാഹളം (വെളി.9:1-12)

ദൂതൻ അഞ്ചാം കാഹളം ഊതിയപ്പോൾ ഒരു നക്ഷത്രം വീണുകിടക്കുന്നതുകണ്ടു എന്ന് മലയാളം ബൈബിളിൽ കാണാം. (I saw a star that had fallen from the sky to the earth- Rev. 9:1) [Look N.I.V.B and M.E.B]

തുടർന്ന് അവൻ എന്ന് പറഞ്ഞിരിക്കുന്നതിനാൽ ഈ നക്ഷത്രം ഒരു ദൂതൻ ആയിരിക്കും .നക്ഷത്രങ്ങളെ ദൂതൻമാർ എന്ന് വചനത്തിൽ കാണുന്നുണ്ട് . (വെളി.1:20 കൂടാതെ വെറും ഒരു പദാർത്ഥത്തെയോ വസ്തുവിനേയോ ഒരു ഉത്തരവാദിത്വം ഏല്പിക്കുവാൻ കഴിയുകയില്ല. ഒരു പ്രത്യേക പ്രവർത്തിക്കായി താക്കോൽ ഏല്പിക്കേണ്ടതിനാൽ ഇത് ഒരു ഉത്തരവാദിത്തപ്പെട്ട ദൂതൻ തന്നെയിരിക്കും , എന്നതിൽ സംശയിക്കേണ്ടതില്ല.താക്കോൽ ആരുടെ കൈവശമായിരുന്നു. അതിന്റെ കാരണം എന്ത്? എന്തിനാണ് താക്കോൽ ദൂതനെ ഏല്പിച്ചത് ? എന്നീ ചോദ്യങ്ങളുടെ മറുപടിക്കായി വായിക്കുക

വെളി: (1:8),(9:1)

## അഗാധകൂപം (Abyss)

[A very deep hole in the earth where, according to ancient Jewish teaching , the evil spirits are imprisoned until the final punishment]

അഗാധകൂപം,അധോലോകത്തിലെ ഒരു പ്രത്യേക ജയിൽമുറി ആണ്. ഇത് ആവശ്യാനുസരണം അടയ്ക്കുകയോ , തുറക്കുകയോ ചെയ്യാം. വെട്ടുക്കിളിപ്പടയും (Locusts) മറ്റ് ദുഷ്ട പിശാചുക്കളും ഇവിടെയുണ്ട് .മനുഷ്യർക്ക് ഏറ്റവും ദോഷം ചെയ്യുന്ന അശുദ്ധാത്മാക്കളെ അഗാധകൂപത്തിൽ അവർക്ക് നിശ്ചയിക്കപ്പെട്ട സമയത്തിന് മുമ്പേ അടക്കുന്നു.

അഗാധകൂപത്തെ പറ്റി 9 പരാമർശങ്ങൾ വചനത്തിൽ

വായിക്കുക വെളി: (9:1) ,(9:2,11) (11:7),(17:8), (20:1,3)

ലൂക്കോ : (8:31), റോമ: 10:7)

അഗാധകൂപം തുറന്നപ്പോഴുണ്ടായ മൂന്ന് സംഭവങ്ങൾ

വായിക്കുക -വെളി-(9:2,3)

കൂപത്തിൽ നിന്ന് പുറത്തുവന്ന വെട്ടുക്കിളിയുടെ പ്രത്യേകതകൾ വെളി-(9:7-10)

(മിസ്രേമിൽ വന്ന വെട്ടുക്കിളി- പുറ (10:14-19)

ഭൂമിയിലെ വെട്ടുക്കിളികൾ സസ്യങ്ങളും ഫലവർഗ്ഗങ്ങലും മാത്രം നശിപ്പിക്കുമ്പോൾ , അഗാധൂപ ത്തിൽ നിന്ന് വന്ന വെട്ടുക്കിളികൾ മനുഷ്യർക്ക് മാത്രം ദോഷം ചെയ്യുന്നു. - കാരണം അവർക്കു ലഭിച്ച കല്പനയാണ് വെളി: (9:4) നോക്കുക .

അഗാധകൂപത്തിൽ നിന്ന് വന്ന വെട്ടുക്കിളികൾക്ക് തേളിന്റെ സ്വഭാവമാകുമ്പോൾ, ഭൂമിയിലുള്ള വയ്ക്ക് പച്ചവിട്ടിലിന്റെ സ്വഭാവമാണ്. കൂടാതെ രണ്ടും തമ്മിൽ രൂപത്തിലും വ്യത്യാസമുണ്ട് . ഭൂമി യിലെ വെട്ടുക്കിളികൾക്ക് രാജാവില്ല. എന്നാൽ അധോ ലോകത്തിലുള്ളതിന് രാജാവുണ്ട്. ,വെ ളി.(9:11)

നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്ത മനുഷ്യർക്കാണ് ഉപദ്രവം ഏല്ക്കേണ്ടിവരുന്നത് . അഞ്ചു മാസം അഥവാ 150 ദിവസം അവരെ ദണ്ഡിപ്പിക്കുവാൻ ഈ ജീവികളുടെ വാലിന് ശക്തിയുണ്ട്. ഇവയുടെ ദണ്ഡനത്താൽ ഉളവാകുന്ന വേദനയാൽ മനുഷ്യർ മരിക്കുവാനാഗ്രഹിക്കും. പക്ഷേ മരണം അവരെ വിട്ട് ഓടിപ്പോകും .ഇതാണ് പീഡനകാലത്തിലെ ഒന്നാം കഷ്ടം.(വെളി 9:5,6)

## ആറാം കാഹളം (വെളി 9:13-21)

ആറാം കാഹളം ഊതിയ ദൂതന് ലഭിച്ച നിർദ്ദേശം എന്ത്?

എവിടെ നിന്നാണ് നിർദ്ദേശം ലഭിച്ചത്?

വായിക്കുക- (വെളി 9:13-14)

കൊമ്പ് സംസാരിച്ചു എന്ന് ആക്ഷരീകമായി ചിന്തിക്കുന്നതിൽ തെറ്റില്ല.വചനത്തിൽ ന്യായ വിധിയുടെ സാക്ഷ്യത്തിനായി പൂഴി, കല്ല് , മരം ഇവയെ ഉപയോഗിക്കുന്നതായി കാണാം.

മാർക്കോ (6:11), ഹബക്കൂക്ക് (2:11)

ദൂതനു ലഭിച്ച നിർദ്ദേശം പ്രാവർത്തികമായപ്പോൾ ഉണ്ടായ സംഭവങ്ങൾ-(വെളി 9:15-17)

ഈ ജീവികൾ മൂലം രണ്ടു വിധത്തിൽ മരണം സംഭവിച്ചു- (വെളി 9:18-19)

ഇങ്ങനെ രണ്ടാം കഷ്ടവുംകഴിഞ്ഞു.

ബാധയാൽ നശിക്കാത്തവരുടെ അവസ്ഥ-(വെളി 9:20-21)

കഠിനമായ പീഢയുണ്ടായിട്ടും മാനസാന്തരപ്പെടാത്തവരെപ്പോലെയാണ് ഇന്നും ചില വ്യക്തികൾ. കൃപ ഇപ്പോൾ സൗജന്യമാണ് അതിനാൽ രക്ഷപ്രാപിക്കുക. ക്രിസ്തു വന്നുകഴി ഞ്ഞാൽ പിന്നെ പീഢനത്തിൽകൂടെ കടക്കേണ്ടതായി വരും .ഇപ്പോൾ രക്ഷ പ്രാപിപ്പാൻ തീരുമാനി ക്കുക.